# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 1860 10.03.2020-ൽ മറുപടിയ്ക്ക്

**പെരുവള്ളൂർ ആയുർവേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) പെരുവള്ളൂർ ആയുർവേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണത്തിന് വേണ്ടി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ; പ്രസ്തുത ഉത്തരവിൽ ഹെഡ് ഓഫ് അക്കൗണ്ട് രേഖപ്പെടുത്തിയിരുന്നുവോ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) യും ബി) യും (സി) യും (ഡി) യും | മലപ്പുറം ജില്ലയിലെ പെരുവള്ളൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയുടെ കെട്ടിട നിർമ്മാണത്തിനായി അമ്പത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ചീഫ് എൻജിനീയർ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തികൾ ചെയ്യുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2018-19-ലെ ബജറ്റ് എസ്റ്റിമേറ്റ് അനുബന്ധം -II ൽ (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ) വാല്യം -II ഭാഗം-II (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ) പ്രസ്തുത പ്രവൃത്തിക്ക് ടോക്കൺ പ്രൊവിഷനായി 100 രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ എന്നതിനാലും, സർക്കാരിൽ നിന്നും ഭരണാനുമതിയും ഫണ്ടും ലഭ്യമാകേണ്ടതുണ്ടതിനാലും, ശീർഷകം രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിലും പ്രസ്തുത നടപടിത്തീർപ്പിന് സാധുതയില്ലാത്തതിനാൽ ആയത് റദ്ദ് ചെയ്തിട്ടുള്ളതാണ്.<br>ഹെഡ് ഓഫ് അക്കൗണ്ട് ഉൾപ്പെടുത്തി ഭരണാനുമതി ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം തുടർനടപടി സ്വീകരിക്കുന്നതിനായി എ 1/70/2020/ആയുഷ് നം കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ബി) എത്ര രൂപയുടെ പ്രവൃത്തിക്കുള്ള ഭരണാനുമതിയാണ് നൽകിയതെന്നും ആരാണ് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചതെന്നും വ്യക്തമാക്കാമോ; | | |
| (സി) ഹെഡ് ഓഫ് അക്കൗണ്ട് ഉൾപ്പെടുത്തി ഭരണാനുമതി ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | | |
| (ഡി) ഈ വിഷയത്തിൽ ആയുഷ് വകുപ്പിന്റെ എ 1/70/ നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | |

Signature valid
Digitally signed by SANGEETHA S
Date: 2020.03.16 12:55:01
Reason: Approved

സെക്ഷൻ ഓഫീസർ